## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.262 — 25.04.2017 ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിൽ ഏകീകൃത ഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മിക്കവാറും സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, ക്ലിനിക്കുകൾ, സ്കാനിംഗ് സെന്ററുകൾ, വന്ധ്യതാരോഗ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ ഏകീകൃത ഫീസ് സംവിധാനം ഇല്ലെന്നതും, ഗവൺമെൻറ് ആശുപത്രികളിലെ സമാന ചികിത്സാ സംവിധാനത്തിന് ഈടാക്കുന്നതിന്റെ പലമടങ്ങ് ചികിത്സാ ഫീസും മറ്റുമായി ഈടാക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗ്.) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, ഫീസും മറ്റും കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | കേന്ദ്ര സർക്കാർ ഹൃദയ രോഗ ചികിത്സക്കുള്ള സ്റ്റെന്റിന്റെ വില ഗണ്യമായി കുറച്ചപ്പോൾ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ മറ്റ് ചെലവുകൾ കൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ